(41) കൊച്ചി നഗരത്തിലെ സ്വീവറേജ് പദ്ധതിയുടെ സ്തംനോവസ്ഥ

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, കൊച്ചിൻ നഗരത്തിലെ സ്വീവറേജ് പദ്ധതി ഉപേക്ഷിക്കപ്പെട്ടതുമൂലം നഗരവാസികളാകെ ഉൽക്കണ്ഠാകുലരാണ്. 1978-ൽ ആരംഭിച്ച പദ്ധതി കഴിഞ്ഞ വർഷം മുതൽ ഗവൺമെൻറ് പൂർണ്ണമായി ഉപേക്ഷിച്ചിരിക്കുകയാണ്. പൈപ്പ് എടുക്കുന്നതിനായി എൽ. ഐ. സി. യിൽനിന്ന് കൊച്ചിൻ കോർപ്പറേഷൻ ജാമ്യം നിന്നു വാങ്ങിയ 15 കോടി ഉറുപ്പികയ്ക്കു പോലും പൈപ്പ് എടുത്തു ഉപയോഗിച്ചിട്ടില്ല. 6 കോടി ഉറുപ്പിക മാത്രമാണ് സ്വീവറേജ് പൈപ്പുകളിടുന്നതിന് ഉപയോഗിച്ചത്. ബാക്കി സംഖ്യ വാട്ടർ അതോറിറ്റി ഗസ്റ്റ്ഹൗസുകൾ പണിയാനാണ് ഉപയോഗിച്ചത്. ജനറൽ ആസ്പെക്ടിൽ ഏകദേശം ആയിരം വീടുകൾക്ക് മാത്രമാണ് പ്ലാനിൽ കണക്ഷൻ കൊടുത്തിട്ടുള്ളത്. മാറു മേഖലയിലെ കക്കൂസുകൾക്ക് ഡ്രെയിനേജ് സംവിധാനവുമായി ഇതുവരെ കണക്ഷൻ കൊടുത്തിട്ടില്ല. ഒരു ദിവസം 10 ലക്ഷം ഗ്യാലൻ അഴുക്ക് ഉൽപ്പാദിപ്പിക്കപ്പെടുന്ന നഗരത്തിൽ സെപ്ടിക് ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണം. പദ്ധതിയുടെ അഞ്ചു മേഖലകളിൽ മൂന്നിടത്തും പൈപ്പുകൾ അഴുക്കുചാൽ പ്ലാന്റിലേക്ക് ഒഴുകത്തക്കവിധത്തിലാണ് ഇട്ടിരിക്കുന്നത്. അതു മാറ്റി മറ്റൊരുവിധത്തിൽ ടാങ്കുണ്ടാക്കണം. പ്ലാന്റ് വരുമെന്നറിഞ്ഞ് സെപ്ടിക് ടാങ്ക് ഉണ്ടാക്കാതെ കക്കൂസുകളുണ്ടാക്കിയ നഗരവാസികൾ ഇപ്പോൾ അഴുക്കുചാലിലേക്ക് അവരുടെ കക്കൂസുകൾ തുറന്നുവെച്ചിരിക്കുന്നു. ഇതുമൂലം നഗരമാകെ ഒരു നരകമായി മാറിയിരിക്കുകയാണ്. അടിയന്തിരമായി പ്ലാന്റിന്റെ പണി പൂർത്തിയാക്കണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 168 കോടി രൂപയുടെ ബൃഹത്തായ സ്വീവറേജ് പദ്ധതിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതിൽ എ. സോണി നേറയും ബി. സോണിനേറയും നിർമ്മാണപരിപാടികൾ ഭാഗികമായി പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. സി. ബ്ലോക്കിനേറത് പൂർത്തിയായിട്ടില്ല. അത് നടന്നുകൊണ്ടിരിക്കുകയാണ്. അൽപസമയംകൂടി എടുക്കും. അത് പൂർത്തിയാകുന്നതോടുകൂടി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകും.

(42) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് കുറവ്

ശ്രീ. പി. കെ. കെ. ബാവ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഗുരുവായൂർ ടൗൺഷിപ്പിലും ചാവക്കാട് മുനിസിപ്പൽ ഏരിയായിലും പുന്നയൂർക്കുളം സെക്ഷന്റെ പരിധിയിൽപ്പെട്ട സ്ഥലങ്ങളിലും വോൾട്ടേജ്കുറവ് വളരെയേറെ ദുഃസഹമായി ജനങ്ങൾക്ക് അനുഭവപ്പെട്ടുവരികയാണ്, മണ്ണെണ്ണവിളക്കിനെ ആശ്രയിച്ചാണ് ജനങ്ങൾ പലപ്പോഴും അവിടെ വെളിച്ചം ലഭ്യമാക്കുന്നത്. പുന്നയൂർക്കുളം സെക്ഷന്റെ കീഴിൽ ഏഴായിരത്തിലധികം ഉപഭോക്താക്കളാണ് ഇപ്പോഴുള്ളത്. ഇത്രയും ആളുകൾക്ക് വൈദ്യുതി നൽകാനുള്ള സംവിധാനം ഈ സെക്ഷനിൽ ഇപ്പോഴില്ല. എന്റെ നിയോജകമണ്ഡലത്തിലുള്ള ഗുരുവായൂരിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി അവിടെയൊരു സബ്സ്റ്റേഷൻ ബഹുമാനപ്പെട്ട മന്ത്രി ബാലകൃഷ്ണപിള്ള തന്നെ ഞങ്ങൾക്ക് സാംഗ്ഷൻ

LIBRARY ARCHIVES Kerala Legislative Assembly